പ്രിയപ്പെട്ടവരെ,

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ2025-2030 കാലഘട്ടത്തിലെ പുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഇന്ന് അവതരിപ്പിക്കുന്നത്.പതിനാലാം പഞ്ചവത്സര പദ്ധതികാലത്തെ അവസാനത്തെ ബഡ്റ്റമാണിത്.ജനകീയ ആസൂത്രണത്തിലൂടെ നവകേരളം കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ പ്രാദേശിക സർക്കാരുകളായ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിലൂടെ ഊർജ്ജിതമായി നടപ്പിലാക്കിവരികയാണ്.വികേന്ദ്രകൃത ആസൂത്രണത്തോടെ കൃത്യമായി മിനി സർക്കാരുകൾ ആയി മാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഈ ബോധ്യത്തിൽ ഊന്നിക്കൊണ്ട് ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് വളരെ സന്തോഷത്തോടെയും തികഞ്ഞ പ്രതീക്ഷയോടെയും നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്.

## ആമുഖം

അടിസ്ഥാന സൗകര്യ വികസനത്തിൽ പ്രത്യേകിച്ച് റോഡ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും, വിദ്യാഭ്യാസ നൗപുണ്യ വികസന പരിപാടികൾക്കുള്ള വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും,സ്ത്രീകൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും പിന്തുണ നൽകിക്കൊണ്ടും,ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾക്കും,പ്രതിരോധ ആരോഗ്യ പ്രവർത്തനങ്ങൾക്കും, മുൻഗണന നൽകിക്കൊണ്ടും കാർഷിക മേഖലയിൽ കൈത്താങ്ങ് നൽകികൊണ്ടും, മാലിന്യ നിർമാർജനത്തിന് പ്രാധാന്യം നൽകികൊണ്ടും,കാര്യക്ഷമമായ ഭരണനിർവഹണവും ഡിജി സാക്ഷരതയും ഉറപ്പവരുത്തിക്കൊണ്ടും പാർപ്പിട മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിക്കൊണ്ടും സമസ്ത മേഖലകളിലും ഊർജ്സ്വലമായ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന്നുതകുന്ന പ്രവർത്തനങ്ങളുമായാണ് ഗ്രാമപഞ്ചായത്തിന്റെ 2026-27വർഷത്തെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

| 2026-27 വർഷത്തെ ബഡ്ജറ്റ് | |
|---|---|
| ആരംഭ നീക്കിയിരിപ്പ് (നിലവിൽ) | 40740439 |
| **റവന്യൂ വരവുകൾ** | |
| വീടുകളുടെ കെട്ടിടനികുതി | 3100000 |
| മറ്റു കെട്ടിടങ്ങളുടെ നികുതി | 3600000 |
| തൊഴിൽ നികുതി (വ്യക്തികൾ) | 1400000 |
| തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 500000 |
| ആകെ നികുതികൾ | 8600000 |
| | |

| | |
|---|---|
| ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് ഉൾപ്പെടെ വിവിധ ഫീസുകൾ | 2534600 |
| വിൽപനയും കൂലിവരുമാനവും (Tender forms, Ambulance | 360000 |
| പലിശയിനത്തിൽ വരുമാനം | 150000 |
| വാടകയിനത്തിൽ വരുമാനം | 909000 |
| പൊതു ഉദ്ദേശഫണ്ട് (Public Corpus Fund) | 21072000 |
| ഗ്രാന്റ് ഉൾപ്പെടെയുള്ള റവന്യൂ വരുമാനം | 23372061 |
| ആകെ റവന്യൂ വരവ് | 97738100 |
| **മൂലധന വരവുകൾ** | |
| വികസന ഫണ്ട് – ജനറൽ | 34034000 |
| വികസന ഫണ്ട് – SCP | 510000 |
| വികസന ഫണ്ട് – STP | 4984000 |
| റോഡ് പരിപാലന ഫണ്ട് | 39184000 |
| റോഡിതര പരിപാലന ഫണ്ട് | 6810000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3669400 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4394000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 5253000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 3502000 |
| | |
| ICDS ഗ്രാന്റ് | 3300000 |
| മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രതീക്ഷിത വരവ് | 9000000 |
| ലൈഫ് മിഷൻ കോൺട്രിബ്യൂഷൻ (സംസ്ഥാനം) | 5000000 |
| ഗുണഭോക്തൃ വിഹിതം (പ്രതീക്ഷിക്കുന്നത് ) | 4293050 |

| | |
|---|---|
| മൂലധന വരവ് | 206333450 |
| പ്രതീക്ഷിത ലോൺ വരവ് | 4200000 |
| വിവിധ ഡിപ്പോസിറ്റുകൾ | 3588963 |
| അഡ്വാൻസ് തിരിച്ചുവരവ് | 2720000 |
| ആകെ മൂലധന വരവ് | 216842413 |
| ആകെ റവന്യൂ വരവ് | 97738100 |
| ആകെ വരവ് | 314580513 |
| | |
| **2026-27 വർഷത്തെ പ്രതീക്ഷിത ചെലവുകൾ** | |
| റവന്യൂ ചെലവുകൾ | |
| സ്ഥാപന ചെലവുകൾ | 16991000 |
| ഭരണ ചെലവുകൾ | 1627000 |
| പ്രവർത്തന ചെലവുകൾ | 2610000 |
| സാമ്പത്തികകാര്യ ചെലവുകൾ (പലിശ, ലോൺ തിരിച്ചടവ് ) | 341000 |
| ഇലക്ഷൻ ചെലവുകൾ | 50000 |
| തൊഴിലുറപ്പ് പദ്ധതി ചെലവുകൾ | 90000000 |
| സംസ്ഥാനാവിഷ്കൃത ചെലവുകൾ | 64112500 |
| ആകെ റവന്യൂ ചെലവുകൾ | 175731500 |
| | |
| **മൂലധന ചെലവുകൾ** | |
| ലോൺ തിരിച്ചടവ് | 160000 |
| ഡിപ്പോസിറ്റ് തിരിച്ചുകൊടുക്കൽ | 3588963 |
| അഡ്വാൻസുകളും ഡിപ്പോസിറ്റുകളും നൽകൽ | 3470000 |

| | |
|---|---|
| ആകെ മൂലധന ചെലവുകൾ | 7218963 |
| | |
| ആകെ ചിലവുകൾ | 182950463 |
| | |
| **ബജറ്റ് ക്രോഡീകരണം** | |
| ആകെ വരവ് | 314580513 |
| ആകെ പദ്ധതിയിതര ചിലവുകൾ | 182950463 |
| ബാക്കി | 131630050 |
| | |
| വാർഷിക പദ്ധതി ചിലവുകൾക്ക് ലഭ്യമാകുന്ന തുക | 123657880 |
| ആകെ ചെലവുകൾ | 306608343 |
| ബാക്കി | 7972170 |
| | |
| | |
| | 123657880 |
| | 40740439 |
| | 82917441 |
| 2026-27 വാർഷിക പദ്ധതിക്ക് ലഭ്യമാകുന്ന ആകെ തുക | 94277000 |

# പദ്ധതി കാര്യങ്ങൾ

ഈ ലക്ഷ്യങ്ങളുമായി 2026-27 വർഷത്തെ പദ്ധതി വിഹിതത്തിന്റെ മേഖലാ വിഭജനവും വകയിരുത്തലുകളും താഴെ പറയുന്നു.

## കാർഷിക മേഖല

ഉൽപാദനക്കുറവ്,വിവിധ രോഗങ്ങൾ,മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവ്,കാലാവസ്ഥാ വ്യതിയാനം,ഉൽപ്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ,വന്യമൃഗ ശല്യം എന്നിവ മൂലം നട്ടെല്ലൊടിഞ്ഞ കാർഷിക മേഖലയ്ക്ക് ഭാവന സമ്പന്നമായ പദ്ധതികളിലൂടെ താങ്ങും തണലും ആകാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

ഹൈബ്രീഡ് പച്ചക്കറി വിതരണത്തിന് 7,18,600/-രൂപയും, കവുങ്ങിന് ഇടവിള കൃഷിക്കായി 2.5 ലക്ഷം രൂപയും, തെങ്ങിന് ജൈവരാസവളങ്ങൾ വിതരണം ചെയ്യുന്നതിന് 32 ലക്ഷം രൂപയും, മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാൻ ഒന്നര ലക്ഷം രൂപയും, വാഴക്കകര്ഷകര്ക്ക് ആനുകൂല്യങ്ങൾ നൽകാൻ 5 ലക്ഷം രൂപയും,കവുങ്ങിന്രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് 8.5 ലക്ഷം രൂപയും, കവുങ്ങിന് വളവിതരണം ചെയ്യാൻ 8 ലക്ഷം രൂപയും, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകാൻ 10 ലക്ഷം രൂപയും, കാലത്തീറ്റ സബ്സിഡി 4 ലക്ഷം രൂപയും, മുട്ടക്കോഴി വിതരണത്തിന് 3 ലക്ഷം രൂപയും അടക്കം 81,68,160/-രൂപ ഈ മേഖലയിൽ വകയിരുത്തുന്നു.

## പാർപ്പിട മേഖല

ലൈഫ്/പി എം എ വൈ പദ്ധതി വിഹിതം ലൈഫ് ലോൺ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് 68,06500/-രൂപ ജനറൽ വിഭാഗത്തിൽ വകയിരുത്തുന്നു. ഈ വിഭാഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം,സംസ്ഥാനവിഷ്കൃത ഫണ്ട്, കേന്ദ്ര ആവിഷ്കൃത ഫണ്ട് എന്നിവ ചേർത്ത് ആകെ വകയിരുത്തൽ 1,58,06500/-രൂപയാണ്. പട്ടികവർഗ്ഗമേഖലയിൽ ലൈഫ് ഭവന പദ്ധതിക്ക് 21,79000/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും,സംസ്ഥാനവിഷ്കൃത ഫണ്ട്30 ലക്ഷം രൂപയും, ബ്ലോക്ക് വിഹിതം 18,94000/-രൂപയും ജില്ലാ പഞ്ചായത്ത് ഫണ്ട് 15 ലക്ഷം രൂപയും,കേന്ദ്ര ആവിഷ്കൃത ഫണ്ട്20 ലക്ഷം രൂപയും അടക്കം 90 ലക്ഷം രൂപയാണ് വകയിരുത്തുന്നത്.പട്ടികജാതി വിഭാഗം ലൈഫ് ലോൺ തിരിച്ചടവ് ഒരു ലക്ഷം രൂപയാണ്. ആകെ ലൈഫ്/പി എം എ വൈ പദ്ധതിയിൽ വകയിരുത്തുന്ന തുക 2,4906500/-രൂപയാണ്.

## ആരോഗ്യ മേഖല

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾക്ക് എന്നും ഏറ്റവും പ്രാധാന്യം നൽകി കൊണ്ടാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നത്. കാസർഗോഡ് വികസന പാക്കേജ് ഉൾപ്പെടുത്തി ലഭ്യമായ ഫണ്ട് കൊണ്ട് കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇരുപത്തഞ്ച് ,കാവുന്തല സബ് സെന്ററുകൾ പണിപൂർത്തിയായി കഴിഞ്ഞു. മറ്റ് ആറ് സബ് സെന്ററുകളെ NHM ഫണ്ട് ഉപയോഗിച്ച് വെൽനെസ് സെന്ററുകൾ ആക്കി മാറ്റിക്കഴിഞ്ഞു.

കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സർക്കാർ സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് പുറമേ മരുന്നുകൾ ലഭ്യമാക്കാൻ 9 ലക്ഷം രൂപയും ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ 8 ലക്ഷം രൂപയും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ 6ലക്ഷം രൂപയും വകയിരുത്തുന്നു. സംസ്ഥാനത്ത് ആദ്യമായി കുടുംബാരോഗ്യ കേന്ദ്രത്തിൽ സൗജന്യ ലാബ് സേവനം നൽകുന്നു.ചിറ്റാരിക്കാൽ കുടുംബാരോഗ്യ കേന്ദ്രം ലാബോറട്ടറിലേക്ക് ലാബ് റീ ഏജന്റ് വാങ്ങുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 22 ലക്ഷം രൂപയും പഞ്ചായത്ത് നിയമിച്ചിട്ടുള്ള ഡോക്ടർ പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ വേതനം നൽകാൻ 8,53,740/-രൂപയും, ഫിസിയോതെറാപ്പി യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങാൻ 60000/-രൂപയും, ഏകാരോഗ്യം ആരോഗ്യ പരിശീലന പദ്ധതിക്ക് ഒരു ലക്ഷം രൂപയും, വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് 50000/-രൂപയും തണൽ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 4 ലക്ഷം രൂപയും, സ്കൂളുകൾ /തൊഴിലുറപ്പ് മേഖലയിലെ ഫസ്റ്റ് എയിഡ് കിറ്റുകൾ വിതരണം ചെയ്യാൻ 25,000/-രൂപയും സബ് സെന്ററുകളുടെയും എഫ്എച്ച്എസിയുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 5,57000 രൂപയുമടക്കം ഈ മേഖലയിൽ 69,85,741/-രൂപ വകയിരുത്തുന്നു.

## വനിതാ ഘടക പദ്ധതികൾ

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ,വനിതാ സംരംഭങ്ങളെയും,വ്യക്തിഗത സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും,പുതിയവ തുടങ്ങുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 32,72,120/-രൂപയാണ് വനിതാ ഘടക പദ്ധതികൾക്കായി നീക്കി വെച്ചിട്ടുള്ളത്.

## മാലിന്യ സംസ്കരണം

ശുചിത്വവും മാലിന്യനിർമ്മാജനവും നമ്മുടെ നാടിന്റെ നാളെയുടെ നിലനിൽപ്പിന് ആവശ്യമാണ്. 2025-26 വർഷത്തിൽ ഗ്രാമപഞ്ചായത്ത് മികച്ച മാലിന്യനിർമ്മാജനപ്രവർത്തനങ്ങൾ നടത്തുകയും, വലിച്ചെറിയൽ മുക്ത-മാലിന്യമുക്ത പഞ്ചായത്തായി മാറുകയും ചെയ്തു. പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെ യഥാവിധി സംസ്കരിക്കുകയും മാലിന്യ ഉൽപാദനം കുറച്ചു കൊണ്ടുവരാനുള്ള തീവ്രമായ ബോധവൽക്കരണവും, പ്രതിരോധ പ്രവർത്തനങ്ങളും തുടരേണ്ടതുണ്ട്. ബയോബിൻ വിതരണം,ടൗണുകളിൽ ബിന്നുകൾ സ്ഥാപിക്കൽ, ടൗണുകളിലും പ്രധാന ജംഗ്ഷനുകളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ,എംസിഎഫിന് അടിസ്ഥാന സൗകര്യം ഒരുക്കൽ, മാലിന്യം നീക്കം ചെയ്യാൻ വാഹനം ഏർപ്പെടുത്തൽ, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ ,ഹരിത കർമ്മ സേനയ്ക്ക് സൗകര്യങ്ങൾ ഒരുക്കി നൽകൽ തുടങ്ങിയ വിവിധ പദ്ധതികൾക്കായി 33,35,379/-രൂപ നീക്കി വെക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുപ്പതോളം ഹരിതകർമ്മ സേന അംഗങ്ങളുടെ സുത്യർഹമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിന് ഈ അവസരം ഉപയോഗിക്കുകയാണ്.

## വിദ്യാഭ്യാസ മേഖല

"വിദ്യാഭ്യാസം ആണ് ഏറ്റവും നല്ല സുഹൃത്ത് വിദ്യ അഭ്യസിച്ചവനെ എല്ലാവരും ബഹുമാനിക്കുന്നു. അത് യുവത്വത്തെയും സൗന്ദര്യത്തെയും പോലും

തോൽപ്പിക്കുന്നു"എന്നാണ് ചാണക്യ സൂക്തങ്ങളിൽ പറയുന്നത്. വിദ്യാഭ്യാസം എന്നത് അറിവ്,കഴിവുകൾ,മൂല്യങ്ങൾ,സംസ്കാരം എന്നിവ ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് പകരുന്ന പ്രക്രിയയാണ്. ഇത് വ്യക്തികളുടെയും സമൂഹത്തിന്റെയും സമഗ്രമായ വികസനത്തിന് അനിവാര്യമാണ്. ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന് സംബന്ധിച്ച് കണ്ണിവയൽ ഗവൺമെന്റ് യുപി സ്കൂൾ മാത്രമാണ് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനം.എന്നാൽ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനും, വിദ്യാർഥികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതിനും, പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന നിരവധി കർമ്മ പദ്ധതികളാണ് പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളത്.

സൗജന്യ നീന്തൽ പരിശീലനം, ലഹരി വിരുദ്ധ ബോധവൽക്കരണം, ഭാഷാ നൈപുണ്യ പദ്ധതി, വായനാ ചലഞ്ച്, സ്കൂളുകളിലെ ഓരോ ക്ലാസ് മുറിയിലും ദിനപത്ര വിതരണം, പഠനയാത്രകൾ ,കരിയർ ഗൈഡൻസ് പ്രോഗ്രാം, ഇംഗ്ലീഷ് കണക്ക് നിലവാരമുയർത്താനുള്ള പരിശീലനങ്ങൾ, ഹരിത കർമ്മ സേന സ്കോളർഷിപ്പുകൾ, എസ് പി സി യൂണിറ്റുകൾക്ക് പ്രവർത്തന ഫണ്ട് നൽകൽ, കണ്ണിവയൽ യുപി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്ക് 19,56,950/-രൂപ വകയിരുത്തുന്നു.

## അംഗൻവാടികൾ

31 അംഗൻവാടികൾ ആണ് ഈസ്റ്റ് എളേരി പഞ്ചായത്തിലുള്ളത്.അതിൽ 27 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്.കെട്ടിടമില്ലാത്ത 4 അംഗൻവാടികൾക്കും സ്ഥലം കണ്ടെത്തി വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമായെങ്കിലും ഒരു അംഗൻവാടിയുടെ കെട്ടിട നിർമ്മാണം മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളത്. മറ്റ് അംഗൻവാടികളുടെ കെട്ടിട നിർമ്മാണം ഉടനെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.എല്ലാ അംഗൻവാടികളിലും കുടിവെള്ളം ലഭ്യത ഉറപ്പുവരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്.അംഗൻവാടി അനുപൂരക പോഷകാഹാരം വിതരണത്തിന് 15 ലക്ഷം രൂപയും അംഗൻവാടി വർക്കമാരുടെയും ഹെൽപ്പർമാരുടെയും വേതനം നൽകാൻ പഞ്ചായത്ത് വിഹിതമായി 13,57800/-രൂപയും, വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്കായി 18.5 ലക്ഷം രൂപയും അടക്കം ഈ മേഖലയിൽ 47,07800/- രൂപ വകയിരുത്തുന്നു.

## സാമൂഹ്യ നീതി

പട്ടികവർഗ്ഗ മേഖലയിലെ വിവിധ പദ്ധതികൾക്കായി 49,84000/-രൂപയും പട്ടികജാതി മേഖലയിലെ പദ്ധതികൾക്ക് 5,10,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 6 ലക്ഷം രൂപയും ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക്ക് വീൽചെയർ നൽകുന്നതിന്6 ലക്ഷം രൂപയും നീക്കിവെക്കുന്നു. വയോജന പരിപാലന പ്രവർത്തനങ്ങൾക്കായി 935,000 രൂപയും വകയിരുത്തുന്നു.

## പശ്ചാത്തല മേഖല

### വഴിവിളക്കുകൾ

കഴിഞ്ഞ മൂന്നുവർഷമായി നമ്മുടെ പഞ്ചായത്തിന്റെ നിരത്തുകളെ പ്രകാശപൂരിതമാക്കാൻ സോളാർ വഴി വിളക്കുകളും, മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചുവരികയാണ്.ഇതുവരെ 240 സോളാർ വിളക്കുകളും 20 മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം 10 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 1250,000/- രൂപയും 50 സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 21,15838/- രൂപയും രൂപയും വകയിരുത്തുന്നു.

### റോഡ് വികസനം

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ നവീകരണ പ്രവർത്തികൾക്ക് കഴിഞ്ഞ ഭരണസമിതിയുടെ അവസാന വർഷങ്ങളിൽ നൽകിയ പരിഗണന ഈ ഭരണസമിതിയും തുടരുകയാണ്. റോഡുകളുടെ അറ്റകുറ്റപണികൾ വീതികൂട്ടൽ,ഡ്രൈനേജുകൾ എന്നിവയ്ക്കായി 3,91,84000/- രൂപയും പുതിയ റോഡുകളുടെ ടാറിങ് കോൺക്രീറ്റ് പ്രവർത്തികൾക്ക് ഒരുകോടി രൂപയും വകയിരുത്തുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 2026-27 വർഷം 9 കോടി രൂപയുടെ ചെലവഴിക്കൽ പ്രതീക്ഷിച്ചുകൊണ്ട് മൂന്നു കോടി രൂപ റോഡ് വികസനത്തിന് ലഭ്യമാക്കാം എന്ന് വിലയിരുത്തുന്നു. അങ്ങനെ 2026-27 സാമ്പത്തിക വർഷം റോഡ് വികസന പ്രവർത്തനങ്ങൾക്ക് 7,91,84000/- രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കാവുന്തല സാംസ്കാരിക നിലയത്തിന് നിർമ്മാണത്തിന് 20 ലക്ഷം രൂപയും വായിക്കാനം അംഗൻവാടി മെയിന്റനൻസ് ആൻഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തികൾക്ക് 10 ലക്ഷം രൂപയും വകയിരുത്തുന്നു. ഉദയപുരം സാംസ്കാരിക നിലയത്തിന്റെ നവീകരണത്തിന് 1,88000/- രൂപയും തവക്കുണ്ട് സാംസ്കാരിക നിലയം നവീകരണത്തിന് 2 ലക്ഷം രൂപയും നീക്കിവെക്കുന്നു.

കൂടാതെ കേരളോത്സവത്തിന് ഒരു ലക്ഷം രൂപയും, പദ്ധതി മോണിറ്ററിംഗ്, ഐ കെ എം വിഹിതം നൽകൽ, കമ്പ്യൂട്ടർ യുപിഎസ് സ്വിച്ച് എന്നിവയ്ക്ക് എ എം സി തുടങ്ങിയവയ്ക്കായി 7 ലക്ഷം രൂപ വകയിരുത്തുന്നു. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ മുന്നൊരുക്കങ്ങൾക്കായി രണ്ട് ലക്ഷം രൂപയും ഡിജി കേരള 2.0 പ്രവർത്തനങ്ങൾക്ക് 1.5 ലക്ഷം രൂപയും അതിദാരിദ്ര്യം നിർമ്മാജന പ്രവർത്തനങ്ങൾക്ക് 50,000 രൂപയും അഗതി ആശ്രയ ഭവന പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് 1.5 ലക്ഷം രൂപയും വകയിരുത്തുന്നു. പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ കൂടുതൽ ഇരിപ്പിടങ്ങൾ സൃഷ്ടിക്കാൻ 72000/-രൂപ,സോളാർ വേലി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 360,000/- രൂപ പാലാവയൽ വില്ലേജ് ഓഫീസ് റോഡ് കോൺക്രീറ്റ് സൈഡ് പ്രൊട്ടക്ഷൻ 3 ലക്ഷം രൂപ , പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഏസിയാക്കൽ ഒന്നരലക്ഷം രൂപ, ഗ്രാമപഞ്ചായത്തിലെ മാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ രണ്ടുലക്ഷം രൂപയും വകയിരുത്തുകയാണ്.

## കുടിവെള്ളം

നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഉള്ളവരുടെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ആവശ്യമാണ് കുടിവെള്ളലഭ്യത.ജലനിധി,ജലജീവൻ പോലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചുവെങ്കിലും ആസൂത്രണത്തിലെ പരാജയം മൂലം ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നില്ല. ജലജീവൻ പദ്ധതിയിലൂടെ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. പ്രാദേശികമായി ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിച്ചും പഴയ കുടിവെള്ള പദ്ധതികളെ പുനർ ജീവിപ്പിച്ചും പരമാവധി പ്രശ്നപരിഹാരത്തിനാണ് ശ്രമം നടത്തുന്നത്. വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ, പൊതുകിണറുകളുടെയും കുളങ്ങളുടെ നവീകരണം വിയറ്റ്നാം ഉന്നതിയിലെ കോളനിയിലെ കുടിവെള്ള ടാങ്കിന്റെ നിർമ്മാണം എന്നിവയ്ക്കായി 25,20,000 രൂപ വകയിരുത്തിയിരിക്കുന്നു.

## ടൂറിസം

നമ്മുടെ നാടിന്റെ സമഗ്ര വളർച്ച തന്ത്രത്തിന്റെ പ്രധാനചാലകമായി ഗ്രാമീണ ടൂറിസം ഉയർന്നു വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്.നമ്മുടെ പഞ്ചായത്തിലെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കേരള ടൂറിസം പ്രമോഷൻ കൗൺസിലുമായി സഹകരിച്ചുകൊണ്ട് ടൂറിസം വികസന പദ്ധതികളുമായി പഞ്ചായത്ത് മുന്നോട്ടു പോവുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലങ്ങൾ ഉടനടി ലഭ്യമാക്കി ഇതര സംരംഭകരുമായി സഹകരിച്ചുകൊണ്ട് മുന്നേറ്റം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

## സദ്ഭരണം

അഴിമതി രഹിതവും സുതാര്യവും ജനാഭിപ്രായം മാനിച്ചു കൊണ്ടുള്ള ഒരു സദ്ഭരണമാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. ഭരണകാര്യങ്ങളിൽ ജനങ്ങളുടെ അഭിപ്രായത്തിനും നിർദ്ദേശങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് ഭരണപരമായ നടപടികളും വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് ജനങ്ങളുടെ അപേക്ഷകളിലും പരാതികളിലും കാലതാമസം കൂടാതെ തീരുമാനങ്ങൾ എടുത്തുകൊണ്ടും ജനോപകാരപ്രദമായ ഒരു ഭരണമാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്.ജനക്ഷേമവും സാമൂഹിക നീതിയും നാടിന്റെ പുരോഗതിയും ഉറപ്പ് വരുത്തി കൊണ്ട് വികസനപാതയിലൂടെ മുന്നോട്ട് നയിക്കുവാനുള്ള പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതിനാവശ്യമായ സർവ്വതല സ്പർശിയായ ഇടപെടലുകൾ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സർവ്വോപരി ജനങ്ങളുടേയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്.

വികസനം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്ന ഒന്നല്ല.അതിന് ദീർഘ ദർശകമായി വികേന്ദ്രീകൃത പദ്ധതി, സാമ്പത്തിക ഉത്തരവാദിത്തം, ജനക്ഷേമ പ്രതിബദ്ധത, എന്നിവ ആവശ്യമാണ്. സ്ഥിരമായ വളർച്ച, പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, ജനകീയ പങ്കാളിത്തം, എന്നിവ മുൻനിർത്തിയുള്ള സമഗ്ര പദ്ധതിയാണ് ഈ ബജറ്റ്.സമ്പത്ത് കരുതലോടേയും,കൃത്യതയോടേയും വിനിയോഗിക്കുമ്പോഴേ ഗ്രാമ വികസനം പ്രായോഗികമാകൂ.

## ഉപസംഹാരം

പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനും റവന്യൂ വരുമാനം 100% പിരിച്ചെടുക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥർ,ജീവനക്കാർ,ഭരണസമിതിയംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ സഹകരണം ആവശ്യമാണ്. ഈകാര്യത്തിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരും,നിർവഹണ ഉദ്യോഗസ്ഥരും കാണിക്കുന്ന ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കും കഠിനാധ്വാനത്തിനും ഭരണസമിതി അവരോട് കടപ്പെട്ടിരിക്കുന്നു.

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ മുമ്പോട്ടു നയിക്കുന്നതിനും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് ഹിസ്റ്ററിയുടെ സമഗ്ര വികസനം എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്ത 2026-27 വർഷത്തെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു